# ബിഹാറിൽ രണ്ടുകോടിയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തും – മാതാ അമൃതാനന്ദമയി മഠം

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന ബിഹാറിലെ ജനങ്ങൾക്ക് അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിൽ രണ്ടുകോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾ നടപ്പാക്കുമെന്ന് മഠം വൈസ് ചെയർമാൻ സ്വാമി അമൃതാനന്ദപുരി പത്രക്കുറിപ്പിൽ അറിയിച്ചു.

പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യാൻ ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും എത്തിച്ചതായും അമൃത ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം ബിഹാറിൽ എത്തിയതായും അറിയിച്ചു. അമൃതാനന്ദമയിയുടെ നിർദ്ദേശാനുസരണം അമൃത ടെലി മെഡിസിൻ വാനുകളും ആംബുലൻസുകളും അയച്ചിട്ടുണ്ട്.



ബിഹാറിൽ മാതാ അമൃതാനന്ദമയി മഠത്തിലെ ഡോക്ടർമാർ നടത്തുന്ന സൗജന്യ വൈദ്യസേവനം